പശ്ചിമഘട്ട വികസനപദ്ധതി

*535 [567] ശ്രീ. കെ. പി, നൂറുദ്ദീൻ:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, എൻ. പി. മൊയ്തീൻ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ-സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലനാട് വികസന പദ്ധതി അഥവാ പശ്ചിമഘട്ട വികസന പദ്ധതി എന്ന പേരിൽ ഒരു വികസന പദ്ധതി പ്രത്യേകം ഏറ്റെടുത്തു നടത്തുന്നതിന് ഈ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആ മാതിരി ഒരു പദ്ധതിക്കു കേന്ദ്ര ഗവൺമെൻറിൽ നിന്നും സഹായം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിൻറെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കർണ്ണാടക ഗവൺമെൻറും മഹാരാഷ്ട്ര ഗവൺമെൻറും ഇത്തരം ഓരോ പദ്ധതി ഏറ്റെടുത്തു നടത്തുന്നതിന് തീരുമാനിച്ചതായി അറിവുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതുപോലെ ഒരു പദ്ധതി ആവിഷ്കരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): (എ) പശ്ചിമഘട്ട വികസന പദ്ധതി എന്നപേരിൽ ഒരു വികസന പദ്ധതി ഈ ഗവൺമെൻറ് 1974-75 മുതൽ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) പശ്ചിമഘട്ട വികസന പദ്ധതിക്ക് കേന്ദ്രഗവൺമെൻറ് സഹായം നൽകുന്നുണ്ട്: ഈ പദ്ധതികൾക്കുവേണ്ടി ചെലവാകുന്ന തുകയുടെ പകുതി ഗ്രാൻറായും പകുതി കടമായും ആണ് നൽകുന്നത്.

(സി) മഹാരാഷ്ട്രം, ഗോവ, കർണ്ണാടകം, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളാണ് പശ്ചിമഘട്ട വികസന പദ്ധതി പ്രകാരമുള്ള പരിപാടികൾ നടപ്പിലാക്കുന്നത്.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. കെ. പി. നൂറുദ്ദീൻ: നമ്മുടെ മലയോരങ്ങളുടെ വികസനം ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകം എന്നുള്ള നിലയിൽ ഇപ്പോൾ 74 ൽ ആരംഭിച്ചിട്ടുള്ള ഈ പശ്ചിമഘട്ടവികസന പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കുന്നതിനുവേണ്ടി കൂടുതൽ വേഗത്തിൽ നടത്തികൊണ്ടുപോകാനും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ മറ്റ് സാമ്പത്തിക മേഖലകളിൽനിന്നും സ്വീകരിച്ചുകൊണ്ട് മുമ്പോട്ടു കൊണ്ടുപോകാനും ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. പി. കെ. വാസുദേവൻനായർ: പശ്ചിമഘട്ട വികസന പദ്ധതിക്കുവേണ്ടി നമുക്ക് കേന്ദ്രഗവൺമെൻറിൽനിന്നും കടം ആയും സബ്സിഡിയായും കൂടുതൽ പണം കിട്ടാൻ സാദ്ധ്യതയുണ്ട്. ഇപ്പോൾ 7 പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. അടുത്ത സാമ്പത്തികവർഷത്തിൽ കൂടുതൽ പദ്ധതികൾ ഏറ്റെടുക്കാൻ പോവുകയാണ്. ആ പദ്ധതികൾ തയ്യാറാക്കി കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് മറ്റ് സ്ഥാപനങ്ങളിൽനിന്നും പണം എടുക്കേണ്ട ആവശ്യമില്ല. അതിനുവേണ്ട പണം കേന്ദ്രഗവൺമെൻറിൽനിന്നും തന്നെ കിട്ടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly